നമ്പർ: സി.പി(5)25355/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 24.12.2009

## സർക്കുലർ നമ്പർ.63/09

വിഷയം : സഹകരണ സംഘങ്ങൾ/ബാങ്കുകൾ ശമ്പള ജാമ്യ വ്യവസ്ഥയിൽ വായ്പ നൽകുന്നത് - നിർദ്ദേശം സംബന്ധിച്ച്.

സൂചന :

1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ്, 37, ചട്ടം 52 എന്നിവയിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ശമ്പള ജാമ്യവ്യവസ്ഥയിൽ വായ്പ നൽകുന്നതിനെക്കുറിച്ചും വായ്പക്കാരന്റെ ശമ്പളത്തിൽനിന്നും തുക ഈടാക്കേണ്ടതിനെ സംബന്ധിച്ചും വ്യവസ്ഥകൾ നിഷ്ക്കർഷിച്ചിട്ടുണ്ട്.

പല സഹകരണ സംഘങ്ങളും ശമ്പള വ്യവസ്ഥയിൽ നൽകുന്ന വായ്പകളിൽ വായ്പക്കാരൻ വാങ്ങുന്ന മൊത്തം ശമ്പളം, വായ്പ തിരിച്ചടക്കുന്നതിനുള്ള കഴിവ്, ഇവ പരിഗണിക്കാതെ വായ്പനൽകുന്നതായും തൻമൂലം സഹകരണ സംഘങ്ങൾ അപേക്ഷിക്കുന്നമുറയ്ക്ക് ശമ്പള വിതരണ ഉദ്യോഗസ്ഥൻ വായ്പക്കാരനിൽ നിന്നും ശമ്പള റിക്കവറി വഴി വായ്പ തുക ഈടാക്കി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് നൽകാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ശമ്പള ജാമ്യ വ്യവസ്ഥയിൽ വായ്പകൾ നൽകുമ്പോൾ അപേക്ഷകന്റെ മൊത്ത ശമ്പളത്തിൽ തിരിച്ചടവുകൾ കഴിച്ച് ടിയാന് ലഭിക്കുന്ന ശമ്പളം, വായ്പ തുക തിരിച്ചടക്കുന്നതിനുള്ള കഴിവ് എന്നിവ പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ വായ്പ നൽകാവൂ എന്ന് കർശനമായി നിർദ്ദേശിക്കുന്നു. സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിൽ (ഇൻസ്പെക്ഷൻ, ആഡിറ്റ്) ഇക്കാര്യം പരിശോധിക്കേണ്ടതും സഹകരണ സ്ഥാപനങ്ങൾ ടി നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ്)
റാണി ജോർജ്ജ്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്, തിരുവനന്തപുരം.
2. എല്ലാ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ (ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
3. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
5. എഡിറ്റർ, സഹകരണ വീഥി
6. എഡിറ്റർ, സഹകരണ ജേർണൽ
7. സ്റ്റോക്ക് ഫയൽ, സ്പെയർ

//ആജ്ഞാനുസരണം//

Stalhi

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി.)